# CAREER Updates
# പത്രവൃത്താന്തം

07.08.2024 (ബുധൻ)



⇨ ഷെയ്ഖ് ഹസീനയുടെ രാജിയെ തുടർന്ന് 2024 ആഗസ്റ്റിൽ ബംഗ്ലാദേശിൽ രൂപീകരിക്കപ്പെട്ട ഇടക്കാല സർക്കാരിനെ നയിക്കുന്നത്

✔ മുഹമ്മദ് യൂനുസ്

- നിലവിലുള്ള പാർലമെന്റ് പിരിച്ചുവിട്ട് പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീൻ ആണ് ബംഗ്ലാദേശിൽ ഇടക്കാല സർക്കാരിനെ പ്രഖ്യാപിച്ചത്. മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിൽ ഇടക്കാല സർക്കാരിനെ നിയമിക്കണമെന്ന പ്രക്ഷോഭകാരികളുടെ ആവശ്യം പ്രസിഡന്റ് അംഗീകരിക്കുക യായിരുന്നു.
- ഗ്രാമീണരുടെ ദാരിദ്ര്യം തടയുക എന്ന ലക്ഷ്യത്തോടെ സൂക്ഷ്മ വായ്പാ നിക്ഷേപ പദ്ധതി നടപ്പിലാക്കിയ ഗ്രാമീൺ ബാങ്കിന്റെ സ്ഥാപകനാണ് മുഹമ്മദ് യൂനുസ്. ഇദ്ദേഹത്തിന് 2006-ൽ നൊബേൽ പ്രൈസ് ലഭിച്ചിരുന്നു.
- വർഷങ്ങളായി വീട്ടുതടങ്കലിൽ കഴിയുന്ന മുൻ ബംഗ്ലാദേശ് പ്രധാനമന്ത്രി ഖാലിദ സിയയെയും മോചിപ്പിച്ചിട്ടുണ്ട്. പ്രതിപക്ഷ കക്ഷിയായ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി മേധാവിയാണ് ഖാലിദ സിയ.

⇨ 2024 ആഗസ്റ്റിൽ എസ്.ബി.ഐ. ചെയർമാൻ ആയി നിയമിതനായത്

✔ ചല്ല ശ്രീനിവാസലു സെട്ടി (സി.എസ്. സെട്ടി)

⇨ ഫിജി സന്ദർശിച്ച ആദ്യത്തെ ഇന്ത്യൻ രാഷ്ട്രപതി

✔ ദ്രൗപദി മുർമു

- ഫിജിയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ കംപാനിയൻ ഓഫ് ദി ഓർഡർ ഓഫ് ഫിജി ദ്രൗപദി മുർമുവിന് ലഭിച്ചു.

⇨ ദേശീയ ജാവലിൻ ദിനമായും ദേശീയ കൈത്തറി ദിനമായും ആചരിക്കപ്പെടുന്നത്

✔ ആഗസ്റ്റ് 7

⇨ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ശിലാലിഖിതങ്ങളിൽ പഠനം നടക്കുന്ന തമിഴ്നാട്ടിലെ പുരാതന ക്ഷേത്രം

✔ തളീശ്വരാർ ക്ഷേത്രം

CAREER GUIDANCE BUREAU

⇨ 2024-ൽ നടക്കുന്ന അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കപ്പെട്ട ഇന്ത്യൻ വംശജ

✔ കമല ഹാരിസ്

- വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥിയായി തിരഞ്ഞെടുക്കപ്പെട്ടത് ടിം വാൾസ് ആണ്.

⇨ 2024-ലെ പാരീസ് ഒളിമ്പിക്സിൽ പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ 89.34 മീറ്റർ ദൂരം കണ്ടെത്തി ഒന്നാമനായി ഫൈനലിലെത്തിയ ഇന്ത്യൻ താരം

✔ നീരജ് ചോപ്ര

⇨ 2024 ആഗസ്റ്റിൽ 115-ാം സമാധി വാർഷികം ആചരിക്കപ്പെട്ട കേരള നവോത്ഥാന നായകൻ

✔ തൈക്കാട് അയ്യ

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999